# ആലുവാ സംവാദം

## ശബാബിൽ സുല്ലമിയെഴുതിയ 4 നുണകൾ

നാസർ ഒലവക്കോട്

ആലുവയിലെ കുന്നത്തേരിയിൽ വെച്ച് 2009 ജനുവരി നാലിന് ഖുറാഫി പണ്ഡിതരും മുജാഹിദ് പണ്ഡിതരും തമ്മിൽ പ്രാർഥനയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംവാദം നടന്നിരുന്നുവല്ലോ. അല്ലാഹുവോട് മാത്രമേ പ്രാർഥിക്കാൻ പാടുള്ളൂ എന്നും, പ്രാർഥനക്ക് ഉത്തരം നൽകാൻ അവന് മാത്രമേ കഴിയുകയുള്ളൂ എന്നും ധാരാളം ക്വുർആൻ ആയത്തുകളിലൂടെ സ്ഥാപിക്കാൻ സംവാദ വേളയിൽ മുജാഹിദ് പണ്ഡിതർക്ക് സാധിച്ചു. എന്നാൽ അന്ത്യ ദിനത്തിന്റെ അടയാളമായി ഈസാ നബി(അ) ഇറങ്ങി വരുകയും നബി(സ)യോട് സലാം പറയുകയും ചെയ്യും എന്ന് വിശദീകരിക്കുന്ന ഒരു ഹദീസിന്റ അവസാന ഭാഗം മാത്രം വായിച്ച്, ഇത് അല്ലാഹു അല്ലാത്തവരോട് ഇസ്തിഗാസ (സഹായ തേട്ടം) നടത്താനുള്ള ഏറ്റവും പുതിയ തെളിവായി അവതരിപ്പിക്കാനാണ് ഖുറാഫി പണ്ഡിതർ ശ്രമിച്ചത്.

മുജാഹിദ് പണ്ഡിതരും ഖുറാഫി പണ്ഡിതരും തമ്മിൽ ഇത് വരെ നടന്ന മറ്റെല്ലാ സംവാദങ്ങളിലുമെന്ന പോലെ, ഖുറാഫി പണ്ഡിതരുടെ വാദങ്ങൾ ചില ഊഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണെന്നും, അത് ക്വുർആനിന്റെ അദ്ധ്യാപനങ്ങൾക്ക് എതിരാണെന്നും, അവർ ഓരോ സംവാദത്തിലും പുതുതായി ഗവേഷണം നടത്തി കൊണ്ട് വരുന്ന ഹദീസുകൾ ഇസ്തിഗാസക്ക് തെളിവാണെന്ന് ഇത് വരെ പ്രാമാണികരായ മുൻകാല പണ്ഡിതന്മാർ ആരും തന്നെ അഭിപ്രായപ്പെട്ടിട്ടില്ലാത്തതാണെന്നും കേരള മുസ്‌ലീങ്ങൾക്ക് വ്യക്തമാക്കിക്കൊടുത്ത ഒരു സംവാദമായിരുന്നു ആലുവ സംവാദം.

**സംവാദത്തെക്കുറിച്ചുള്ള ലേഖനങ്ങൾ ശബാബിൽ**

ആലുവാ സംവാദത്തിന് ശേഷം ഖുറാഫി പണ്ഡിതർ തങ്ങളുടെ ഭാഗം ന്യായീകരിച്ച് കൊണ്ട് അവരുടെ പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിയിരുന്നു. ഇതിന് മറുപടിയായി മുജാഹിദ് പണ്ഡിതരും ലേഖനങ്ങൾ എഴുതുകയുണ്ടായി. സംവാദത്തിൽ പങ്കെടുത്ത കക്ഷികൾ എന്ന നിലയിൽ ഇരു വിഭാഗത്തിനും അവരവരുടെ ഭാഗം വിശദീകരിക്കാനുള്ള അവകാശമുണ്ട്. എന്നാൽ, ആലുവ സംവാദത്തിൽ കക്ഷിയല്ലാതിരുന്നിട്ടും, മടവൂരികൾ ശബാബിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. അബ്ദുസ്സലാം സുല്ലമി ശബാബിൽ എഴുതുന്ന 'നെല്ലും പതിരും' എന്ന പംക്തിയിൽ ആലുവ സംവാദവുമായി ബന്ധപ്പെട്ട് ഇത് വരെയായി പന്ത്രണ്ടിലധികം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ആലുവ സംവാദത്തെക്കുറിച്ച് സലാം സുല്ലമി ഇനിയും കൂടുതൽ ലേഖനങ്ങൾ എഴുതാൻ സാധ്യതയുമുണ്ട്. എം.ഐ.മുഹമ്മദലി സുല്ലമിയും ആലുവ സംവാദത്തെ ബന്ധപ്പെടുത്തിക്കൊണ്ട് ശബാബിൽ രണ്ട് ലേഖനങ്ങൾ എഴുതുകയുണ്ടായി.

പ്രമാണങ്ങളെ വളച്ചൊടിച്ചും ഇത് വരെ ആരും നൽകിയിട്ടില്ലാത്ത ദുർവ്യാഖ്യാനങ്ങൾ നൽകിയും, മരിച്ച് പോയ അമ്പിയാ ഔലിയാക്കന്മാരെ വിളിച്ച് പ്രാർഥിക്കാമെന്ന് സ്ഥാപിക്കാൻ വേണ്ടി സംവാദം നടത്തുന്ന ഖുറാഫി പണ്ഡിതരെ വിമർശിക്കാനാണ് മുജാഹിദുകൾ എന്ന നിലയിൽ യഥാർത്ഥത്തിൽ മടവൂരികൾ ശ്രമിക്കേണ്ടിയിരുന്നത്. അതിന് പകരം

മറ്റെന്തൊക്കെയോ വ്യക്തി താൽപര്യങ്ങളുടെയും കടുത്ത ഗ്രൂപ്പ് വൈരത്തിന്റെയും പേരിൽ മുജാഹിദ് പണ്ഡിതരെ അപഹസിക്കാനും, തേജോവധം ചെയ്യാനുമാണ് ശബാബിലെഴുതുന്ന ലേഖനങ്ങളിലൂടെ മടവൂർ വിഭാഗം പണ്ഡിതർ ശ്രമിച്ച് കൊണ്ടിരിക്കുന്നത്.

ആലുവ സംവാദവുമായി ബന്ധപ്പെട്ട് സലാം സുല്ലമി ശബാബിൽ എഴുതിയ ലേഖനങ്ങളിൽ ധാരാളം കളവുകൾ എഴുതിയതായി കാണാം. 2009 ജനുവരി 30 ലെ ശബാബിൽ അദ്ദേഹം എഴുതിയ നാല് കളവുകളെക്കുറിച്ച് ചർച്ച ചെയ്യാനാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

**ഖുറാഫികൾ ഉദ്ധരിച്ച ഹദീസിലെ ന്യൂനത**

സംവാദത്തിന്റെ രാവിലെയുള്ള സെഷനിൽ ആറ് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരമാണ് ഖുറാഫികൾക്ക് ഉണ്ടായിരുന്നത്. അഹ്സനിയുടെ ആദ്യത്തെ ചോദ്യം ''ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് വിശ്വസിക്കുന്ന ഒരു മുസ്ലിം, റസൂൽ(സ്വ)യുടെ ക്വബ്റിന്റെ സമീപത്ത് നിന്ന് ഉത്തരം ചെയ്യുമെന്ന വിശ്വാസത്തോടെ റസൂൽ(സ്വ)യെ വിളിച്ചാൽ അത് ശിർക്കാണോ?'' എന്നതായിരുന്നു. ''തന്റെ ആഗ്രഹ സഫലീകരണത്തിന് വേണ്ടി, തന്റെ പ്രാർഥന റസൂൽ(സ്വ) കേൾക്കുമെന്ന വിശ്വാസത്തോടെ, റസൂൽ(സ്വ)യുടെ ക്വബ്റിന്റെ അടുത്ത് വന്ന് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് വിശ്വസിക്കുന്ന ഒരു മുസ്ലിം വിളിക്കില്ല'' എന്നാണ് ഹനീഫ് മൗലവി അതിന് മറുപടി നൽകിയത്.

അഹ്സനി ചോദിച്ച രണ്ടാമത്തെ ചോദ്യത്തിന്റെ പ്രസക്ത ഭാഗം ഇതാണ്: ''ല ഇൻ ഖാമ അലാ ക്വബ്റീ വ ഖാല യാ മുഹമ്മദ് ല ഉജീബന്നഹൂ (ശേഷം അദ്ദേഹം (ഈസാ നബി(അ)) എന്റെ ക്വബ്റിന്റെ അടുത്ത് നിൽക്കുകയും മുഹമ്മദേ എന്ന് വിളിക്കുകയും ചെയ്താൽ, ഞാൻ അദ്ദേഹത്തിന് ഉത്തരം നൽകുക തന്നെ ചെയ്യുന്നതാണ്)'' എന്ന ഒരു ഹദീസ് ഇബ്നു അസാകിറിന്റെ താരീഖു ദിമശ്കശ് എന്ന ഗ്രന്ഥത്തിലുണ്ട്. എങ്ങിനെ ഇത് മുജാഹിദുകൾ വ്യാഖ്യാനിക്കും?.

ഇതിന് ഹനീഫ് മൗലവി പറഞ്ഞ മറുപടിയുടെ ചുരുക്കം ഇതാണ്:

1. നിങ്ങൾ ഉദ്ധരിച്ച ഈ വാക്യം ഇസ്തിഗാസക്ക് തെളിവാണെന്ന് ഏതെങ്കിലും മുൻകാല പണ്ഡിതർ എഴുതിയിട്ടുണ്ടോ? ഈ വാക്യം ഇസ്തിഗാസക്ക് തെളിവാണെന്ന് സ്ഥാപിക്കാത്തിടത്തോളം ഇതിന് മറുപടി പറയേണ്ട ബാധ്യത ഞങ്ങൾക്കില്ല.
2. ഈ ഹദീസിന്റെ അവസാനഭാഗം മാത്രം വായിക്കാതെ, പൂർണ്ണ രൂപം വായിച്ച് അതിന്റെ ആശയം വ്യക്തമാക്കണം.
3. ഇതിന്റെ സനദുകൾ വായിച്ച് ഇത് സ്വഹീഹാണെന്ന് തെളിയിക്കണം.
4. മറുപടി പ്രസംഗത്തിന്റെ അവസാന ഭാഗത്ത് അദ്ദേഹം പറഞ്ഞു ''നിങ്ങൾ പറഞ്ഞ ഈ വാക്യത്തിന് ന്യൂനതകളുണ്ട്. ഹദീസ് നിദാന ശാസ്ത്ര പ്രകാരം രണ്ട് ന്യൂനതകൾ ഉണ്ട്. എടുത്ത് പറയാൻ കഴിയുന്നത് തന്നെയുണ്ട്. വേറെയും നമുക്ക് വിശദീകരിക്കാം.''

''നിങ്ങൾ പറഞ്ഞ ഈ വാക്യത്തിന് ഹദീസ് നിദാന ശാസ്ത്ര പ്രകാരം രണ്ട് ന്യൂനതകൾ ഉണ്ട്'' എന്ന് ഹനീഫ് മൗലവി പറഞ്ഞത് വസ്തുതാപരമായി ശരിയാണ്. ഖുറാഫികളുടെ <u>രണ്ടാമത്തെ</u> ചോദ്യത്തിന്റെ അവസരത്തിൽ താരീഖ്ബ്നു അസാകിറിൽ നിന്നും ഹദീസിന്റെ അവസാനഭാഗം അഹ്സനി ഉദ്ധരിച്ചപ്പോഴാണ് ''രണ്ട് ന്യൂനതകളുണ്ട്'' എന്ന് ഹനീഫ മൗലവി പറഞ്ഞത് എന്നും, പ്രസ്തുത ഹദീസ് അൽബാനിയിൽ നിന്നും അഹ്സനി ഉദ്ധരിച്ചത് 'സുന്നി'കളുടെ <u>ആറാമത്തെ</u> ചോദ്യ സമയത്താണെന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കുക.

**അഹ്സനി ഉരുണ്ട് കളിക്കുന്നു**

സംവാദത്തിൽ ഉദ്ധരിച്ച ഹദീസ് മുഴുവനായി വായിക്കുകയും അതിന്റെ ആശയം വ്യക്തമാക്കുകയും ചെയ്താൽ, തങ്ങളുടെ കള്ള വാദം തകർന്ന് വീഴുമെന്ന് അഹ്സനിക്ക് വ്യക്തമായി അറിയാമായിരുന്നു. അത് കൊണ്ട് തന്നെ നാല് അവസരങ്ങളിൽ ആവർത്തിച്ച് ചോദിച്ചിട്ടും ഹദീസ് മുഴുവൻ വായിക്കാനോ, ഈ ഹദീസ് ഇസ്തിഗാസക്ക് തെളിവാണെന്ന് സമർഥിക്കാനോ അയാൾ തയ്യാറായില്ല. ''ന്യൂനതയെവിടെ മൗലവി'' എന്ന് ചോദിച്ച് സമയം തള്ളി നീക്കി രക്ഷപ്പെടാനാണ് അദ്ദേഹം ശ്രമിച്ചത്.

ഖുറാഫികൾക്ക് ചോദ്യം ചോദിക്കാനുള്ള ആറാമത്തെയും അവസാനത്തേതുമായ അവസരത്തിലാണല്ലോ അൽബാനിയിൽ നിന്നും പ്രസ്തുത ഹദീസിന്റെ അവസാന ഭാഗം അഹ്സനി വായിക്കുന്നത്. 'സിൽസിലത്തു സ്സ്വഹീഹ' എന്ന സ്വഹീഹായ ഹദീസുകൾ മാത്രം വിശദീകരിച്ച ഗ്രന്ഥത്തിലാണ് ഈ ഹദീസിനെ അൽബാനി ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചതല്ലാതെ, ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ മരിച്ച മഹാത്മാക്കളോട് പ്രാർഥിക്കാമെന്ന് അൽബാനിയോ, മറ്റ് മുൻകാല പണ്ഡിതരോ എഴുതിയതായി തെളിയിക്കാൻ അഹ്സനിക്ക് അവസാനം വരെ സാധിച്ചില്ല.

**ശബാബിൽ സുല്ലമിയെഴുതിയ 4 നുണകൾ**

ആലുവ സംവാദവുമായി ബന്ധപ്പെട്ട് സലാം സുല്ലമി ശബാബിൽ എഴുതുന്നു: ''ഈ ഹദീസ് ഖുബൂരികൾ സംവാദത്തിൽ ഉദ്ധരിച്ചപ്പോൾ ഹനീഫ കായക്കൊടി, അനസ് മുസ്‌ലിയാർ, ജബ്ബാർ മൗലവി പോലെയുള്ളവർ അൽബാനി ഈ ഹദീസിന് രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി. സുന്നികൾ ആ ഭാഗം വായിക്കാൻ പറഞ്ഞപ്പോൾ ഹനീഫ് ഞാൻ ഉച്ചക്ക് ശേഷമുള്ള സെഷനിൽ വായിക്കാം എന്ന് പ്രഖ്യാപിച്ചു. മധ്യസ്ഥന്മാരും ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുക തന്നെ ഇത് വായിച്ച ശേഷമായിരിക്കുമെന്ന് പ്രഖ്യാപിച്ച് ഉച്ചക്ക് മുമ്പുള്ള പരിപാടി അവസാനിപ്പിച്ചു. ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ (മുജാഹിദുകൾ) വായിക്കാൻ വിസമ്മതം കാണിക്കുകയാണ് ചെയ്തത്. അങ്ങിനെ അവർ മുജാഹിദ് പ്രസ്ഥാനത്തിന് അപമാനം ഏൽപിച്ച് ഒളിച്ചോടുകയാണ് ചെയ്തത്.'' (ശബാബ്, 2009 ജനുവരി 30, പേജ് 19).

മുകളിലെ പാരഗ്രാഫിൽ നാല് പെരും നുണകളാണ് സലാം സുല്ലമി എഴുതിയിരിക്കുന്നത്. അദ്ദേഹം എഴുതിയ നാല് നുണകൾ താഴെ കൊടുക്കുന്നു.

1. ഈ ഹദീസ് (ഖുറാഫികൾ) സംവാദത്തിൽ ഉദ്ധരിച്ചപ്പോൾ ഹനീഫ കായക്കൊടി അൽബാനി ഈ ഹദീസിന് രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു.
2. ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുക തന്നെ ഇത് (ന്യൂനതകൾ) വായിച്ച ശേഷമായിരിക്കുമെന്ന് രണ്ട് മധ്യസ്ഥന്മാരും കൂടി പ്രഖ്യാപിച്ചു.
3. ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ മുജാഹിദുകൾ ഹദീസ് വായിക്കാൻ വിസമ്മതം കാണിച്ചു.
4. മുജാഹിദുകൾ സംവാദത്തിൽ നിന്നും ഒളിച്ചോടി.

**നുണ 1: അൽബാനി രണ്ട് ന്യൂനതയുണ്ടെന്ന് പറഞ്ഞു.**

സംവാദത്തിലെ ഉച്ചക്ക് മുമ്പുള്ള സെഷനിൽ, ഖുറാഫി പണ്ഡിതർക്ക് ചോദ്യം ചോദിക്കാനുള്ള അവസാനത്തെ അവസരത്തിലാണ് അഥവാ, ആറാമത്തെ ചോദ്യ സമയത്ത് മാത്രമാണ് അഹ്സനി അൽബാനിയിൽ നിന്നും ഈസാ നബി(അ)യുമായി ബന്ധപ്പെട്ട് വന്ന ഹദീസിന്റ അവസാന ഭാഗം വായിക്കുന്നത്. എന്നിട്ട് ഇതിന്റ പരമ്പരയും, ഇത് സ്വഹീഹാണെന്ന്

അൽബാനി വ്യക്തമാക്കിയ ഭാഗങ്ങളും വായിക്കുന്നു. അൽബാനിയിൽ നിന്നും അഹ്സനി ഹദീസ് ഉദ്ധരിച്ച ശേഷം, ഹനീഫ് മൗലവിക്ക് മറുപടി പറയാൻ ഒരു അവസരം മാത്രമാണ് കിട്ടിയത്. ഏഴ് മിനിട്ട് ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ 'ന്യൂനത' എന്ന പദം പരാമർശിച്ച വാചകങ്ങൾ താഴെ കൊടുക്കുന്നു.

1. ഹനീഫ് കായക്കൊടിയുടെ മറുപടി പ്രസംഗം തുടങ്ങുന്നത് ഇങ്ങിനെയാണ്: ''കഥ കഴിഞ്ഞു മുസ്ലിയാക്കന്മാരേ നിങ്ങളുടെ, അൽബാനി നിങ്ങൾ എടുത്തില്ലേ, ആ വായിച്ചതിന്റെ താഴെയുണ്ട് ഞാൻ (നേരത്തേ) പറഞ്ഞ കാര്യം, വ ഫീഹി ഇല്ലത്താനി (അതിൽ രണ്ട് ന്യൂനതയുണ്ട്).''

ഖുറാഫികളുടെ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരം പറയവേ തന്നെ, എല്ലാ സനദും വായിച്ചാൽ ന്യൂനത കാണിച്ച് തരാമെന്ന് ഹനീഫ മൗലവി പറഞ്ഞിരുന്നു. എന്നാൽ ആറാമത്തെ ചോദ്യത്തിലാണല്ലോ ഖുറാഫി പണ്ഡിതൻ അൽബാനിയുടെ ഗ്രന്ഥം വായിക്കുന്നത്. അൽബാനിയിലെ പ്രസ്തുത ഹദീസിനെക്കുറിച്ചല്ല ഹനീഫ മൗലവി ഇവിടെ പരാമർശിക്കുന്നത്. ഈസാ നബി(അ)യുടെ വരവുമായി ബന്ധപ്പെട്ട എല്ലാ ഹദീസും വായിച്ചാൽ ന്യൂനത ചൂണ്ടിക്കാണിക്കാമെന്ന് ഞാൻ നേരത്തേ പറഞ്ഞിരുന്നില്ലേ, അതിപ്പോൾ ശരിയാണെന്ന് തെളിഞ്ഞിരിക്കുന്നു. കാരണം ഇപ്പോൾ നിങ്ങൾ വായിച്ച ഹദീസിന്റെ താഴെ ഞാൻ പറഞ്ഞ രണ്ട് ന്യൂനതയുള്ള (ഫീഹി ഇല്ലത്താനി) മറ്റൊരു ഹദീസ് ഉണ്ട് എന്ന് മാത്രമാണ് ഹനീഫ് മൗലവി ഇവിടെ ഉദ്ദേശിക്കുന്നത്.

2. ഹനീഫ കായക്കൊടി: ''ഞാൻ പറഞ്ഞ കാര്യം (ന്യൂനതയുള്ള ഹദീസ്) അൽബാനിയുടെ ആ സിൽസിലയിലുണ്ട്, ഇനി അത് വായിച്ച് പഠിച്ചോ, ഞാൻ പറയേണ്ടതില്ലല്ലോ.''

ഇവിടെയും ഹനീഫ് മൗലവി വ്യക്തമാക്കുന്നത് ഞാൻ നേരത്തേ പറഞ്ഞ ന്യൂനതയുള്ള ഹദീസ് നിങ്ങൾ ഇപ്പോൾ വായിച്ച സിൽസില എന്ന അൽബാനിയുടെ ഗ്രന്ഥത്തിലുണ്ട് എന്നാണ്. നിങ്ങൾ വായിച്ചതിന്റെ താഴെയുണ്ടെന്നോ, അതേ പേജിലുണ്ടെന്നോ ഇവിടെ ഹനീഫ മൗലവി പറയുന്നില്ല. ആ ഗ്രന്ഥത്തിൽ അങ്ങിനെ ന്യൂനതയുള്ള ഒരു ഹദീസ് ഉണ്ടെന്ന് മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളൂ. ''ഇനി അത് വായിച്ച് പഠിച്ചോ, ഞാൻ പറയേണ്ടതില്ലല്ലോ'' എന്ന് പറഞ്ഞതിൽ നിന്നും അഹ്സനി വായിച്ചിട്ടില്ലാത്ത മറ്റൊരു ഹദീസിനെക്കുറിച്ചാണ് ഹനീഫ മൗലവി വിശദീകരിക്കുന്നത് എന്ന് വ്യക്തമാണ്.

3. ഹനീഫ മൗലവി മറുപടി പ്രസംഗം അവസാനിപ്പിക്കുന്നത് ''ന്യൂനതയുണ്ടെന്ന് ഞാൻ പറഞ്ഞു, ഞാൻ പറയുന്നു ഇപ്പോഴും ന്യൂനതയുണ്ട്. ആ സനദുകൾ മുഴുവൻ വായിച്ചാൽ ഏത് സനദിലാണ് ന്യൂനത എന്ന് ഞാൻ പറയും'' എന്ന് പറഞ്ഞ് കൊണ്ടാണ്.

ന്യൂനതയുണ്ടെന്ന് പറഞ്ഞത് ഖുറാഫികൾ അൽബാനിയിൽ നിന്ന് വായിച്ച ഹദീസിനെക്കുറിച്ചല്ല എന്നും, ഇത് വരെ ഖുറാഫികൾ വായിച്ചിട്ടില്ലാത്ത ഇതേ ആശയമുള്ള മറ്റൊരു ഹദീസിനെക്കുറിച്ചാണ് ന്യൂനതയുണ്ടെന്ന് പറഞ്ഞത് എന്നും, 'പറയും' എന്ന വാക്കിൽ നിന്നും വ്യക്തമാണ്. ചുരുക്കത്തിൽ, എല്ലാ സനദും വായിച്ചാൽ ന്യൂനത കാണിച്ച് തരാമെന്ന് തുടക്കം മുതൽ ഹനീഫ് മൗലവി പറഞ്ഞിരുന്നു, ഇപ്പോൾ ഖുറാഫികൾ വായിച്ച സിൽസില എന്ന ഗ്രന്ഥത്തിൽ നബി(സ്വ)യുടെ ഖബ്റിന്റെ സമീപത്ത് വന്ന് ഈസാ നബി(അ) സലാം പറയുന്നതുമായി ബന്ധപ്പെട്ട ന്യൂനതയുള്ള മറ്റൊരു ഹദീസുണ്ട്, നിങ്ങൾ വായിച്ചതിന്റെ താഴെയുണ്ട് എന്നാണ് ഇവിടെ ഹനീഫ് മൗലവി വിശദീകരിക്കുന്നത്. ഇത് മുഴുവനായും ശരിയുമാണ്.

തന്റെ മറുപടി പ്രസംഗത്തിൽ ഒരിടത്തും സുന്നികൾ ഉദ്ദരിച്ച ഹദീസിന് രണ്ട് ന്യൂനതയുണ്ടെന്ന് അൽബാനി എഴുതിയിട്ടുണ്ട് എന്ന് ഹനീഫ മൗലവി പറഞ്ഞിട്ടില്ല. സലാം സുല്ലമി ശബാബിൽ

നടത്തിയിരിക്കുന്ന ആരോപണം കളവാണെന്ന് സംവാദ സി.ഡി കാണുന്നവർക്ക് ബോധ്യപ്പെടുന്നതാണ്.

**അൽബാനിയിലെ ഹദീസിനെക്കുറിച്ച് വിശദീകരിച്ചത്**

അൽബാനിയിൽ നിന്നും ഖുറാഫികൾ ഉദ്ധരിച്ച ''ല ഇൻ ഖാമ അലാ ഖബ്റീ വ ഖാല യാ മുഹമ്മദ് ല ഉജീബന്നഹൂ (ശേഷം അദ്ദേഹം (ഈസാ നബി(അ)) എന്റെ ഖബ്റിന്റെ അടുത്ത് നിൽക്കുകയും മുഹമ്മദേ എന്ന് വിളിക്കുകയും ചെയ്താൽ, ഞാൻ അദ്ദേഹത്തിന് ഉത്തരം നൽകുക തന്നെ ചെയ്യുന്നതാണ്)'' എന്ന ഹദീസിനെക്കുറിച്ച് ഹനീഫ് മൗലവി പറഞ്ഞത് ഇപ്രകാരമാണ്: ''ഖാമ (നിന്നു) എന്ന പദം, ആരാ ഫാഇൽ, ആരു നിന്നാൽ, ആരു വന്നാൽ, ആരു ചോദിച്ചാൽ, ല ഉജീബന്നഹൂ, ആർക്ക് ഉത്തരം ചെയ്യും, പറയണ്ടെ?, നൗശാദ് അഹ്സനി വിളിച്ചാൽ എന്നാണോ?, അതല്ല ഫൈസൽ അഹ്സനി വിളിച്ചാൽ എന്നാണോ?, കേരളത്തിലെ സമസ്തക്കാർ വിളിച്ചാൽ എന്നാണോ?, ഖിയാമത്ത് നാൾ വരെയുള്ള മുഴുവൻ മുസ്‌ലീങ്ങളും വിളിച്ചാലെന്നാണൊ? അതല്ല ഏതോ ഒരു പ്രത്യേക വ്യക്തി, പ്രത്യേക സന്ദർഭത്തിൽ പ്രത്യേക സമയത്ത് വിളിച്ചാലെന്നാണൊ? പറയണം <u>നമുക്കിനിയും</u> (ഹദീസിനെക്കുറിച്ച്) <u>ചർച്ചചെയ്യാം. നിങ്ങൾ (ഉച്ചക്ക് ശേഷം) വരണം</u>''.

ഖുറാഫികൾ അൽബാനിയിൽ നിന്നും ഉദ്ധരിച്ച ഹദീസ് ഖുറാഫികളും മുജാഹിദുകളും തമ്മിൽ തർക്കത്തിലിരിക്കുന്ന ഇസ്തിഗാസക്ക് തെളിവാണെന്ന് സ്ഥാപിക്കാത്തിടത്തോളം, ഈ ഹദീസിന്റെ ന്യൂനതയെക്കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യം പോലുമില്ലെന്നാണ് അദ്ദേഹം തന്റെ മറുപടി പ്രസംഗത്തിൽ ഉടനീളം വാദിച്ചത്.

**തർക്കം അൽബാനിയിലെ ഹദീസിനെക്കുറിച്ചല്ല**

ആറാമത്തെ ചോദ്യത്തിലാണല്ലൊ അഹ്സനി അൽബാനിയിലെ ഹദീസ് ആദ്യമായി വായിക്കുന്നത്. അഞ്ച് മിനിട്ട് ദൈർഘ്യമുള്ള അഹ്സനിയുടെ പ്രസ്തുത പ്രസംഗത്തിലെ ചില വാചകങ്ങൾ ശ്രദ്ധിക്കുക. അൽബാനിയിലെ ഹദീസ് വായിക്കുന്നതിന് മുമ്പ് അഹ്സനി പറയുന്നു: ''ഏഴ് മിനിട്ട് പ്രസംഗിച്ചു എന്നല്ലാതെ ഒരു ന്യൂനത ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞോ....ഇപ്പോൾ (ഹനീഫ മൗലവി) പറയുകയാണ് (ന്യൂനത പറയണമെങ്കിൽ) എല്ലാ സനദും (പരമ്പരയും) വായിക്കണമെന്ന്.'' അൽബാനിയിലെ ഹദീസ് ആദ്യമായി വായിച്ച ശേഷം അദ്ദേഹം പറയുന്നു: ''ഇനിയിപ്പോൾ വേറെ ഏതോ സനദ് കൊണ്ട് വരും ദഈഫ് (ന്യൂനത) ഉള്ളത്, ഉണ്ടായിക്കോട്ടെ.''

അൽബാനിയിൽ നിന്നും ഹദീസ് വായിച്ച ശേഷം ഹനീഫ് മൗലവിക്ക് പ്രസംഗിക്കാൻ അവസരം കിട്ടുന്നതിന് മുമ്പാണല്ലോ അഹ്സനി ഇങ്ങിനെ പറയുന്നത്. ഇതിൽ നിന്ന് തന്നെ, അഹ്സനിയും ഹനീഫ് മൗലവിയും തമ്മിൽ 'ന്യൂനതയുടെ പേരിൽ' തർക്കം നിലനിൽക്കുന്നത് അൽബാനിയിലെ ഹദീസിനെക്കുറിച്ചല്ല എന്ന് വ്യക്തമാകുന്നു.

**സുല്ലമിയുടെ ആരോപണം വിഡ്ഢിത്തമാണ്.**

അൽബാനി സ്വഹീഹായി പരിഗണിച്ചിട്ടുള്ള ഹദീസുകൾ മാത്രമാണ് 'സിൽസിലത്തു സ്സ്വഹീഹ' എന്ന, ഖുറാഫികൾ അവസാന അവസരത്തിൽ വായിച്ച ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രബലമായ ഹദീസ് പരമ്പരയുണ്ടെന്ന് സ്വയം ബോധ്യപ്പെട്ട ശേഷം അൽബാനി സിൽസിലത്തു സ്സ്വഹീഹയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഹദീസിനെക്കുറിച്ച്, ''രണ്ട് ന്യൂനതയുണ്ടെന്ന്'' അൽബാനി തന്നെ എഴുതുമോ?. അഥവാ, ന്യൂനതയുണ്ടെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടെങ്കിൽ പ്രസ്തുത ഹദീസിനെ അദ്ദേഹം സിൽസിലത്തുസ്സ്വഹീഹയിൽ ഉൾപ്പെടുത്തുമോ?. ''ഈ ഹദീസ് (ഖുറാഫി) സംവാദത്തിൽ ഉദ്ധരിച്ചപ്പോൾ ഹനീഫ് കായക്കൊടി <u>അൽബാനി ഈ ഹദീസിന് രണ്ട് ന്യൂനതകളുണ്ട്</u> (ഫീഹി ഇല്ലത്താനി) എന്ന്

പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു'' എന്ന സലാം സുല്ലമിയുടെ ആരോപണം തന്നെ വിഡ്ഢിത്തമാണ് എന്ന് കാണാം.

മാത്രമല്ല, ആറാമത്തെ ചോദ്യ സമയത്ത്, അൽബാനിയിലെ ഹദീസിന്റെ അവസാന ഭാഗം ഉദ്ധരിച്ച ശേഷം, പ്രസ്തുത ഹദീസ് സ്വഹീഹാണെന്ന് അൽബാനി എഴുതിയിട്ടുണ്ടെന്ന് വളരെ വിശദമായി തന്നെ അഹ്സനി വിശദീകരിക്കുന്നുണ്ട്. അതിന് ശേഷം സാമാന്യ ബോധമുള്ള ആരെങ്കിലും, ആ ഹദീസിന് ന്യൂനതയുണ്ടെന്ന് അൽബാനി എഴുതിയിട്ടുണ്ടെന്ന് ആരോപിക്കുമോ?. വാസ്തവത്തിൽ പ്രസ്തുത ഹദീസിന്റെ വ്യാഖ്യാനമായി, അതിന്റെ താഴെ കൊടുത്തിട്ടുള്ള മറ്റൊരു ഹദീസിനെക്കുറിച്ചാണ് അൽബാനി രണ്ട് ന്യൂനതയുണ്ടെന്ന് എഴുതിയിട്ടുള്ളത്. ഹനീഫ് മൗലവി സംവാദത്തിൽ വിശദീകരിച്ചതും അത് മാത്രമാണെന്ന് നാം മുകളിൽ കണ്ടു.

**സി ഡി യിൽ ഖുറാഫികൾ വെട്ടി മാറ്റിയ ഭാഗങ്ങൾ**

സലാം സുല്ലമി ശബാബിലെഴുതിയ മറ്റ് മൂന്ന് നുണകൾ വിശദീകരിക്കുന്നതിന് മുമ്പായി, സംവാദത്തിൽ നടന്ന ചർച്ചകളെക്കുറിച്ച് അൽപം വിശദീകരിക്കേണ്ടതുണ്ട്. സംവാദത്തിൽ നിന്നും ഒളിച്ചോടാൻ വേണ്ടി ഖുറാഫി പക്ഷം നടത്തിയ വഞ്ചനകൾ ഉൾപെടെയുള്ള പ്രസക്ത ഭാഗങ്ങൾ വെട്ടി മാറ്റിയാണ്, ആലുവ സംവാദത്തിന്റെ സി ഡി ഖുറാഫി വിഭാഗം പുറത്തിറക്കിയത്. താഴെ വിശദീകരിക്കുന്ന സംവാദത്തിലെ പ്രസക്ത ഭാഗങ്ങൾ മുജാഹിദുകൾ പുറത്തിറക്കിയ സി.ഡിയിൽ നിന്നുമുള്ളതാണ്. ലേഖകന്റെ വിശദീകരണം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.

ഉച്ചക്ക് മുമ്പുള്ള സെഷനിലെ, ഹനീഫ് മൗലവിയുടെ ആറാമത്തെയും അവസാനത്തേതുമായ മറുപടി പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ ഇങ്ങനെയാണ്. ''ഖാമ (നിന്നു), ആര് നിന്നാൽ, അദ്ദേഹം നിന്നാൽ, ആര് നിന്നാൽ, പറയണ്ടെ, അതാ ഞാൻ പറഞ്ഞത്, മത്ന് (ഹദീസിന്റെ ആശയം) മുഴുവൻ വായിക്കണം, വായിച്ചോ, വായിച്ചില്ല, വായിക്കാൻ കഴിയുമോ, കഴിയില്ല, ഇൻഷാ അല്ലാഹ്, ഈ സംവാദം കഴിയുന്നതിന് മുമ്പ് ആ മത്ന് ഞാൻ ഇവിടെ വായിക്കും, ഇപ്പോൾ ഞാൻ വായിക്കുന്നില്ല. മുസ്‌ലിയാൻമാരൊന്ന് ഉച്ചഭക്ഷണം കഴിക്കട്ടെ, ആ മത്ന് ഞാൻ വായിച്ചാൽ മുസ്‌ലിയാൻമാർക്ക് ഉച്ച ഭക്ഷണം കഴിക്കാൻ കഴിയില്ല.'' (ഉച്ചക്ക് ശേഷം ഹദീസിന്റെ ആശയം മുഴുവനും വായിച്ചാൽ, തങ്ങളുടെ കള്ളത്തരം പിടിക്കപ്പെടും എന്ന് മനസ്സിലാക്കിയ ഖുറാഫി പക്ഷം, എങ്ങനെയെങ്കിലും സംവാദം കലക്കാൻ തീരുമാനിക്കുകയായിരുന്നു).

ഹനീഫ് മൗലവിയുടെ പ്രസംഗം അവസാനിപ്പിക്കുന്നത് ഇങ്ങനെ പറഞ്ഞ് കൊണ്ടാണ്: ''ഞാൻ പറഞ്ഞ കാര്യങ്ങൾ, ഒന്നും തന്നെ, മൂന്ന് വിഷയങ്ങൾ, ഒന്ന്, ഇസ്തിഗാസക്ക് (സഹായ തേട്ടത്തിന്, നിങ്ങൾ ഉദ്ധരിച്ച ഹദീസ്) തെളിവാണെന്ന് പറയണം, (പിന്നിലിരിക്കുന്ന മുസ്ല്യാർ നൗശാദ് അഹ്സനിയോട് സംവാദം കലക്കാനുള്ള നിർദേശം നൽകുന്നത് കാണാം). രണ്ട്, ന്യൂനതയുണ്ടെന്ന് ഞാൻ പറഞ്ഞു, ഞാൻ പറയുന്നു ഇപ്പോഴും ന്യൂനതയുണ്ട്. ആ സനദുകൾ മുഴുവൻ വായിച്ചാൽ ഏത് സനദിലാണ് ന്യൂനത എന്ന് ഞാൻ പറയും. മൂന്നാമത്തേത്, അതിന്റെ മത്നുകൾ (ആശയം) വായിക്കണം, അതും ഇവിടെ വായിച്ചിട്ടില്ല'' (ഈ ഹദീസ് ഈസാ നബി(അ)യുമായി മാത്രം ബന്ധപ്പെട്ടതാണെന്ന കാര്യം മറച്ച് വെക്കാൻ വേണ്ടി ഹദീസ് മുഴുവൻ വായിക്കാൻ അഹ്സനി ഒരിക്കലും തയ്യാറായിരുന്നില്ല.)

''ഒന്നാമത്, ഇസ്തിഗാസക്ക് (സഹായ തേട്ടത്തിന്) തെളിവാണെന്ന്, ഈ തർക്കത്തിലിരിക്കുന്ന പ്രാർഥനക്ക് തെളിവാണെന്ന് പറഞ്ഞാലേ മറ്റ് രണ്ടും പറയേണ്ട ബാധ്യത തന്നെ ഞങ്ങൾക്കുള്ളൂ. അത് നിങ്ങൾക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല, പ്രാർഥനയുടെ നിർവചനത്തിലാണല്ലോ തർക്കം, ഹദീസ് സ്വഹീഹാണോ അല്ലേ എന്നതല്ല, പ്രാർഥനയുടെ നിർവചനം പൊളിക്കാനാണ് നിങ്ങൾ അത് (ഹദീസ്) ഉദ്ധരിച്ചത്, അത് (നിർവചനം)

പൊളിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല, ഞങ്ങൾ പറഞ്ഞ (കെ.എൻ.എം മദ്രസാ പാഠ പുസ്തകത്തിലെ പ്രാർഥനയുടെ) നിർവചനം ഇപ്പോഴും ഒരു അഹ്സനിക്കും തകർക്കാൻ കഴിയാത്ത ചെങ്കോട്ടയായി നില നിൽക്കുന്നു എന്ന് ഈ സമൂഹം മനസ്സിലാക്കും.''

ഇതോട് കൂടി, കരാർ പ്രകാരമുള്ള ഒന്നാം സെഷൻ അവസാനിക്കുന്നു.

**ഖുറാഫി പണ്ഡിതൻ ബഹളം വെക്കുന്നു**

ഉച്ചക്ക് മുമ്പുള്ള സെഷൻ ഹനീഫ് മൗലവിയുടെ മറുപടി പ്രസംഗത്തോടെ അവസാനിക്കേണ്ടതാണ്. പക്ഷേ എല്ലാ വ്യവസ്ഥകളെയും വെല്ലുവിളിച്ച് കൊണ്ട് അഹ്സനി സമയം കഴിഞ്ഞത് വക വെക്കാതെ, മുജാഹിദ് പണ്ഡിതൻ നുണ പറഞ്ഞു എന്ന് മൈക്കിലൂടെ ആക്രോശിച്ച് കൊണ്ട് സംവാദം അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നു.

അഹ്സനി: ''അത് തെളിയിച്ചിട്ട് ബാക്കി കാര്യം''(വെല്ലുവിളിയുടെ സ്വരം. മധ്യസ്ഥന്മാർ അദ്ദേഹത്തോട് ഇരിക്കാൻ ആവശ്യപ്പെടുന്നു).

ഹനീഫ് മൗലവി: ''മുസ്‌ലിയാക്കന്മാരുടെ മാന്യത നിങ്ങൾ തിരിച്ചറിയണം. സമയം കഴിഞ്ഞിട്ടാണ് സംസാരിക്കുന്നത്.''

ഖുറാഫി പണ്ഡിതരുടെ ആരോപണം ചർച്ച ചെയ്യണമെന്ന് ഖുറാഫി മധ്യസ്ഥൻ മുജാഹിദ് പണ്ഡിതരോട് അഭ്യർഥിക്കുന്നു. രാവിലെയുള്ള സെഷൻ തീർന്നത് കൊണ്ട്, കരാറടിസ്ഥാനത്തിൽ ഉച്ചക്ക് ശേഷം നടക്കാനുള്ള സെഷനിൽ അൽബാനിയിലെ ഹദീസിനെക്കുറിച്ച് ചർച്ച ചെയ്യാം എന്ന് ഹനീഫ് മൗലവി അറിയിക്കുന്നു.

വാസ്തവത്തിൽ, സംവാദം തുടരാൻ ഭയപ്പെട്ടിരുന്ന ഖുറാഫി <u>പക്ഷത്തിന്റെ നാടകം</u> മാത്രമായിരുന്നു ഈ ബഹളങ്ങളെല്ലാം. മുജാഹിദുകൾ എന്തെങ്കിലും തെറ്റായി വായിച്ചിട്ടുണ്ടെങ്കിൽ, ഉച്ചക്ക് ശേഷമുള്ള സന്ദർഭത്തിൽ ഖുറാഫികൾക്ക് അത് വായിക്കുവാനും മുജാഹിദുകളുടെ അബദ്ധം തുറന്ന് കാണിക്കാനും കഴിയുമായിരുന്നു.

**ഖുറാഫി മധ്യസ്ഥൻ തെറ്റായി പ്രഖ്യാപിക്കുന്നു**

ഹനീഫ് മൗലവിയുമായും മുജാഹിദ് മധ്യസ്ഥനുമായും ചർച്ച ചെയ്തെടുത്ത തീരുമാനം മൈക്കിലൂടെ സുന്നി മധ്യസ്ഥൻ അറിയിക്കുന്നു: ''ഹനീഫ് മൗലവി വായിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഉച്ചക്ക് ശേഷം വായിക്കാമെന്ന് പറഞ്ഞത് കൊണ്ട് (ഖുറാഫി മധ്യസ്ഥന്റെ ചെവിയിൽ അബ്ദുറഷീദ് സഖാഫി കുതന്ത്രം പറഞ്ഞ് കൊടുക്കുന്നത് കാണാം), എഴുതിയ കരാറിന്റെ സമയം അദ്ദേഹം (ഹനീഫ് മൗലവി) പറഞ്ഞു. ഇൻഷാ അല്ലാഹ് കരാറനുസരിച്ച് അടുത്ത പരിപാടി ആരംഭിക്കുന്നത് അത് വായിച്ച് ക്ലിയർ ചെയ്തതിന് ശേഷമായിരിക്കും. ഇപ്പോൾ ഇവിടെ ഉദ്ധരിച്ച, ചോദിച്ച സംശയം വായിച്ച് തീരുമാനിച്ച് തീർച്ചപ്പെടുത്തിയതിന് ശേഷമാണ് ഉച്ചക്ക് ശേഷമുള്ള അടുത്ത സെഷൻ ആരംഭിക്കുന്നത്.''

സംവാദം കലക്കാനുള്ള വിത്ത് പാകാൻ കഴിഞ്ഞതിൽ അബ്ദുറഷീദ് സഖാഫിയുടെ മുഖത്ത് സന്തോഷത്തിന്റെ നിറഞ്ഞ പുഞ്ചിരി കാണാം. ഖുറാഫി വിഭാഗം ശ്രോതാക്കൾ തക്ബീർ വിളിച്ച് സന്തോഷത്തിൽ പങ്ക് ചേരുന്നു.

വാസ്തവത്തിൽ, ''ചോദിച്ച സംശയം വായിച്ച് തീരുമാനിച്ച ശേഷമാണ് ഉച്ചക്ക് ശേഷമുള്ള അടുത്ത സെഷൻ ആരംഭിക്കുന്നത്'' എന്നല്ല, ''അടുത്ത സെഷനിൽ അത് വായിച്ച് ക്ലിയർ ചെയ്യാം'' എന്നാണ് ഖുറാഫി മധ്യസ്ഥൻ പറയേണ്ടിയിരുന്നത്. പക്ഷേ, നേരത്തെ എഴുതി തയ്യാറാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഉച്ചക്ക് ശേഷം നടക്കേണ്ട രണ്ടാമത്തെ സെഷന്

മുമ്പായി, കരാറിലില്ലാത്ത ഒരു പ്രത്യേക സെഷനാണ് ഇവിടെ അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നത്. സംവാദം അലങ്കോലപ്പെടുത്താൻ വേണ്ടി കൊടിയ വഞ്ചനയാണ് ഖുറാഫി മധ്യസ്ഥൻ ഇവിടെ നടത്തിയിരിക്കുന്നത്.

**ഖുറാഫി മധ്യസ്ഥന്റെ വഞ്ചനയെ ചോദ്യം ചെയ്യുന്നു**

എല്ലാവരും കൂടി ഒന്നിച്ചെടുത്ത തീരുമാനത്തിന് വിരുദ്ധമായി കരാറിൽ ഇല്ലാത്ത ഒരു പ്രത്യേക സെഷൻ ഖുറാഫി മധ്യസ്ഥൻ പ്രഖ്യാപിച്ചതിനെ, മുജാഹിദ് മധ്യസ്ഥൻ അപ്പോൾ തന്നെ ചോദ്യം ചെയ്യുന്നുണ്ട്. മുജാഹിദ് മധ്യസ്ഥൻ ഖുറാഫി മധ്യസ്ഥനോട് അൽപം ദേഷ്യത്തോടെ ചോദിക്കുന്നു: ‘‘ഇത് നിങ്ങളുടെ (സ്വന്തം) അഭിപ്രായമാണോ?.’’ വ്യക്തമായ ഉത്തരം പറയാനില്ലാതെ നുണ പറഞ്ഞ ഖുറാഫി മധ്യസ്ഥൻ പരുങ്ങുന്നത് കാണാം.

തുടർന്ന് മുജാഹിദ് പണ്ഡിതരും ഖുറാഫി മധ്യസ്ഥന്റെ വഞ്ചനയെ ചോദ്യം ചെയ്യുന്നു. ഹനീഫ് മൗലവി ഖുറാഫി മധ്യസ്ഥനോട്: ‘‘വ്യവസ്ഥ പ്രകാരമുള്ള സമയത്ത് അവർക്ക് ഉദ്ധരിക്കാം.’’ പക്ഷേ സംവാദം കലക്കണമെന്ന് നിർബന്ധമുള്ള അഹ്സനി, തന്റെ അഭിപ്രായങ്ങൾ മധ്യസ്ഥനോട് പറയാതെ മൈക്കിലൂടെ ജനങ്ങളോട് പറയുന്നു: ‘‘എന്ത് വ്യവസ്ഥയാണ് കളവ് പറയുമ്പോൾ.’’ (യഥാർത്ഥത്തിൽ കളവ് പറയുന്നത് അഹ്സനിയാണ്, ഹനീഫ് മൗലവിയുടെ പ്രസംഗത്തിൽ യാതൊരു കളവും ഇല്ല എന്ന് അദ്ദേഹത്തിനുമറിയാം, അത് കൊണ്ടാണ് സംവാദം തുടരാനനുവദിക്കാതെ അദ്ദേഹം ബഹളം ഉണ്ടാക്കുന്നത്)

ഹനീഫ് മൗലവി ഖുറാഫി മധ്യസ്ഥനോട്: ‘‘ഉച്ചക്ക് ശേഷം അവരുടെ സമയത്ത് അവർക്ക് (ഹദീസിനെക്കുറിച്ച്) പറയാം.’’ വീണ്ടും അഹ്സനി മൈക്കിലൂടെ ഭീഷണിപ്പെടുത്തുന്നു: ‘‘അല്ലല്ല, അത് ചർച്ച ചെയ്തിട്ട് തന്നെയുള്ളൂ പരിപാടി.’’ (കരാറടിസ്ഥാനത്തിൽ സംവാദം നടത്തിക്കൊണ്ട് പോകാൻ ഞങ്ങൾ സമ്മതിക്കില്ല എന്ന ഭീഷണിയുടെ സ്വരം)

ഹനീഫ് മൗലവി വീണ്ടും ഖുറാഫി മധ്യസ്ഥനോട്: ‘‘ഞങ്ങൾ അംഗീകരിച്ചിട്ടില്ല. അംഗീകരിച്ചോ, ആര് അംഗീകരിച്ചു, ആരോടാണ് ചർച്ച ചെയ്തത്. അവർ അങ്ങോട്ട് പറയുകയാണോ?, ഞാൻ പറഞ്ഞു, ഉച്ചക്ക് ശേഷം അവർക്ക് സമയമുണ്ട്, അവരുടെ വിഷയാവതരണമുണ്ട്, ചോദ്യോത്തരമുണ്ട്, അതിൽ വേണമെങ്കിൽ ചോദിച്ചോട്ടെ’’ (ഹദീസിനെക്കുറിച്ച് ഉച്ചക്ക് ശേഷമുള്ള സെഷനിൽ ചർച്ച ചെയ്യാം, പക്ഷെ അതിന് മാത്രമായി ഒരു പ്രത്യേക സെഷൻ മുജാഹിദ് പക്ഷം അംഗീകരിച്ചിട്ടില്ല എന്നാണ് ഹനീഫ് മൗലവി ഇവിടെ വിശദീകരിക്കുന്നത്).
ഉച്ച ഭക്ഷണത്തിനും നമസ്കാരത്തിനുമായി എല്ലാവരും പിരിയുന്നു.

**ഉച്ചക്ക് ശേഷവും തർക്കം തുടരുന്നു**

ഉച്ചക്ക് ശേഷം സംവാദം തുടങ്ങാൻ അനുവദിക്കാതെ ഖുറാഫി പണ്ഡിതർ ബഹളം വെക്കുന്നതാണ് നാം കാണുന്നത്. സംവാദം തുടങ്ങാനും അൽബാനിയിലെ ഹദീസിനെക്കുറിച്ച് വിശദീകരിക്കാനും മുജാഹിദ് പണ്ഡിതൻമാർ അവരോട് ആവശ്യപ്പെടുന്നതും കാണാം.

അനസ് മൗലവി: ‘‘നിങ്ങൾ വായിച്ചോ, നിങ്ങളുടെ സമയത്ത് മുഴുവൻ നിങ്ങൾ ആ (അൽബാനിയുടെ) കിതാബും കൊണ്ടിരുന്നോ.’’

ഖുറാഫി മധ്യസ്ഥൻ: ‘‘ഇത് പോലെ ഖണ്ഡന പ്രസംഗങ്ങളിൽ തീരുമാനം വരാത്തത് കൊണ്ടാണ് വാദപ്രതിവാദം വരുന്നത്.’’ (ഇയാൾ ആത്മാർഥത കൊണ്ട് പറയുന്നതല്ല ഇത്. എങ്ങിനെയെങ്കിലും സംവാദം മുടക്കണമെന്ന തന്റെ പണ്ഡിതരുടെ തീരുമാനം നടപ്പിലാക്കാനാണ് അയാളുടെ തീവ്രശ്രമം).

മുജാഹിദ് മധ്യസ്ഥൻ: ‘‘നമ്മളിവിടെ തീരുമാനം ഉണ്ടാക്കാനല്ലല്ലോ, നിങ്ങൾ തീരുമാനം ഉണ്ടാക്കരുത്, ഈ കരാർ നടപ്പാക്കാനാണ് മധ്യസ്ഥന്മാർ.’’

അനസ് മൗലവി: ''നിങ്ങൾക്കെന്തെങ്കിലും ഉണ്ടെങ്കിൽ സംവാദത്തിൽ വായിക്കാം, അതിനപ്പുറം നിങ്ങളുമായി സംവദിക്കാനൊന്നും ഞങ്ങൾ കരാർ ചെയ്തിട്ടില്ല.''

അബ്ദുറഷീദ് സഖാഫി: ''അത് വേറെ സെഷനാണ് മൗലവി, എന്താ നിങ്ങൾ ഈ പറയുന്നത്.'' (സംവാദം തുടരാനും ഹദീസ് വായിക്കാനും താൽപര്യമില്ല എന്നർഥം)

അനസ് മൗലവി: ''സംവാദം തുടങ്ങിയിട്ട് പറഞ്ഞോ നിങ്ങൾ, ഇവിടുന്നല്ല (ഇരുന്ന് കൊണ്ടല്ല) പറയേണ്ടത്, സംവാദം തുടങ്ങിയിട്ട് പറഞ്ഞോ, എന്തേ മുടക്കണമെന്ന് ആഗ്രഹം, എന്തേ നടക്കരുതെന്നാഗ്രഹം.''

ഖുറാഫി മധ്യസ്ഥന് സംവാദം കലക്കാൻ കഴിയുന്നില്ല എന്ന് മനസ്സിലാക്കിയ അബ്ദുറഷീദ് സഖാഫി വീണ്ടും എണീറ്റ് നിന്ന് ബഹളം വെക്കുന്നു. ഖുറാഫി മധ്യസ്ഥൻ അദ്ദേഹത്തെ പിടിച്ചിരുത്തുന്നു.

**മൈക്കിൽ പറയാൻ ഖുറാഫികളെ വെല്ലുവിളിക്കുന്നു**

മുജാഹിദുകൾ എന്തോ അബദ്ധം പറഞ്ഞു എന്ന് ഖുറാഫി ശ്രോതാക്കളെ തെറ്റിദ്ധരിപ്പിച്ച് സംവാദത്തിൽ നിന്നും ഒളിച്ചോടാൻ വേണ്ടി, പിന്നിലിരിക്കുന്ന രണ്ട് ഖുറാഫി പണ്ഡിതർ അൽബാനിയുടെ കിതാബുമായി മുജാഹിദ് പണ്ഡിതൻമാരുടെ അടുത്ത് ചെന്ന് വിശദീകരിക്കുന്നു.

അനസ് മൗലവി: ''അത് (ഹദീസിനെക്കുറിച്ച്) നിങ്ങൾ (ഖുറാഫി പണ്ഡിതർ) ഞങ്ങളോട് പറയേണ്ട, വാദപ്രതിവാദത്തിന് മൈക്ക് കെട്ടിവെച്ചിട്ടുണ്ട്, നിങ്ങൾക്ക് ജനങ്ങളോട് പറയാം, റെക്കോർഡ് ചെയ്യും, അതിനെന്താ പ്രയാസം, കരാറടിസ്ഥാനത്തിൽ വാദ പ്രതിവാദം നടക്കട്ടെ.'' (നൗശാദ് അഹ്സനിയുടെ മുഖത്ത് സംവാദം മുടങ്ങാത്തതിലുള്ള ടെൻഷൻ കാണാം).

ഖുറാഫികൾക്ക് അത് പ്രയാസം തന്നെയാണ്. കാരണം, അവർ അൽബാനിയിൽ നിന്നും ഉദ്ധരിച്ച ഹദീസിനെക്കുറിച്ച് അൽബാനി രണ്ട് ന്യൂനതയുണ്ടെന്ന് പറഞ്ഞു എന്ന് മുജാഹിദുകൾ പറഞ്ഞു എന്ന പെരും കളവ്, മൈക്കിന്റെ മുമ്പിൽ വന്ന് തെളിയിക്കാൻ അവർക്ക് കഴിയില്ല. അപ്പോൾ നാടകം കളിക്കുകയേ നിവൃത്തിയുള്ളൂ. ഇതൊന്നും വലിയ ഹദീസ് പണ്ഡിതനായ സലാം സുല്ലമിക്കും മടവൂർ വിഭാഗം പണ്ഡിതർക്കും മനസ്സിലാകുന്നില്ല.

അൽബാനിയിലെ ഹദീസിനെക്കുറിച്ച് കരാറടിസ്ഥാനത്തിലുള്ള രണ്ടാമത്തെ സെഷനിൽ ചർച്ച ചെയ്യാമെന്നാണ് മുജാഹിദ് പക്ഷം പറയുന്നത്, അത് ഖുറാഫി പണ്ഡിതർക്ക് സമ്മതമാണോ എന്ന് ഖുറാഫി മധ്യസ്ഥൻ അവരോട് ചോദിക്കുന്നു.

തങ്ങൾ ഉദ്ധരിച്ച ഹദീസിന്റെ അവസാന ഭാഗം ഇസ്തിഗാസക്ക് തെളിവല്ല എന്ന് മുജാഹിദ് പക്ഷം തെളിയിക്കുകയും, തങ്ങളുടെ കള്ളത്തരങ്ങൾ ജനം തിരിച്ചറിയുകയും ചെയ്യും എന്നത് കൊണ്ട് ഖുറാഫി പക്ഷം അതിന് തയ്യാറാവുന്നില്ല. സംവാദം മുടങ്ങാത്തതിൽ അസ്വസ്ഥരായ ഖുറാഫി പക്ഷം വീണ്ടും എണീറ്റ് നിന്ന് ബഹളം വെക്കുന്നു. അവസാനം സംവാദം നിർത്തി വെക്കാൻ തീരുമാനിക്കുന്നു.

സംവാദത്തിൽ നിന്നും ഒളിച്ചാടാൻ വേണ്ടി ഖുറാഫി പണ്ഡിതരും മധ്യസ്ഥനും നടത്തിയ വഞ്ചനകൾ വ്യക്തമാക്കുന്ന, മുകളിൽ വിശദീകരിച്ച പ്രസക്ത ഭാഗങ്ങളെല്ലാം വെട്ടി മാറ്റിക്കൊണ്ടാണ് ഖുറാഫികൾ സംവാദ സി ഡി പുറത്തിറക്കിയിരിക്കുന്നത്.

**ഖുറാഫി മധ്യസ്ഥൻ കളവ് പറയുന്നു**

സംവാദം നിർത്തിവെക്കാൻ തീരുമാനിച്ച വിവരം ഖുറാഫി മധ്യസ്ഥൻ അറിയിച്ചതിന്റെ പൂർണ രൂപം ഇങ്ങിനെയാണ്. ഖുറാഫി മധ്യസ്ഥൻ: ''ചർച്ച ചെയ്ത ചില വിഷയങ്ങളിൽ, ചില പരാമർശങ്ങൾ ബാക്കിയുള്ളത് കൊണ്ടും, സുന്നി പക്ഷം മുജാഹിദ് പക്ഷത്തിന്റെ ചില ഉദ്ധരണികൾ കളവാണെന്ന് ആരോപിച്ചതിന്റെ പേരിലും, അത് തെറ്റാണ് എന്ന് തെളിയിക്കാൻ ഈ വ്യവസ്ഥയിൽ വ്യവസ്ഥയില്ല എന്ന കാരണം പറഞ്ഞ് കൊണ്ട്, മുജാഹിദ് പക്ഷം തയ്യാറാവാത്തത് കൊണ്ടും, എല്ലാ ധാരണകളും (കരാറിലെ വ്യവസ്ഥകൾ) മാറ്റി വെച്ച് കൊണ്ട് ആദർശപരമായ ലക്ഷ്യത്തിന് വേണ്ടി ചർച്ചക്ക് തയ്യാറാവണമെന്ന് ഇവിടെയുള്ള മധ്യസ്ഥനായ മുഹമ്മദ് രാമന്തളി എന്ന മധ്യസ്ഥൻ ആവശ്യപ്പെട്ടപ്പോൾ, (രണ്ട് മധ്യസ്ഥന്മാരും ഒന്നിച്ചെടുത്ത തീരുമാനമല്ല ഇത് എന്ന് ''മുഹമ്മദ് രാമന്തളി എന്ന മധ്യസ്ഥൻ ആവശ്യപ്പെട്ടപ്പോൾ'' എന്ന് പറഞ്ഞതിൽ നിന്നും വ്യക്തമാണല്ലോ), മറുവിഭാഗം തയ്യാറാവാതെ വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മധ്യസ്ഥന്മാർ ചർച്ച ചെയ്യുകയും, ഈ കിതാബ് ചർച്ച ചെയ്യാനും, കളവ് പറഞ്ഞു എന്ന് പറഞ്ഞ കിതാബ് ചർച്ച ചെയ്യാൻ തയ്യാറില്ലാത്തതിന്റെ അടിസ്ഥാനത്തിൽ ഈ പരിപാടി നിർത്തി വെക്കാൻ മധ്യസ്ഥന്മാർ തീരുമാനിച്ച വിവരം അറിയിക്കുന്നു.''

സംവാദം തുടങ്ങാനും ഹദീസ് വായിക്കാനും മുജാഹിദ് പക്ഷം ആവശ്യപ്പെട്ടപ്പോൾ, ''അത് വേറെ സെഷനാണ്'' എന്ന ബാലിശമായ കാരണം പറഞ്ഞ്, സംവാദത്തിൽ നിന്നും ഒളിച്ചോടാൻ ഖുറാഫി പക്ഷത്തിന് എല്ലാ ഒത്താശയും ചെയ്ത് കൊടുത്ത ഖുറാഫി മധ്യസ്ഥൻ, ഇവിടെ പെരും കളവ് പറയുകയാണ്. വാസ്തവത്തിൽ ഹദീസിനെക്കുറിച്ച് ചർച്ച ചെയ്യാൻ മുജാഹിദ് പക്ഷം തയ്യാറായിരുന്നു. പക്ഷെ അതിന് വേണ്ടി കരാറിലില്ലാത്ത ഒരു പ്രത്യേക സെഷൻ വേണമെന്ന ഖുറാഫികളുടെ ധിക്കാരപരമായ ആവശ്യമാണ് അംഗീകരിക്കാതിരുന്നത്. കാരണം, ഒരു വ്യവസ്ഥയുമില്ലാതെ സംവാദം നടത്തിയാൽ അത് ബഹളത്തിലേ കലാശിക്കുകയുള്ളൂ എന്ന് ഏവർക്കും അറിയാവുന്നതാണ്.

സംവാദത്തിൽ ഒരു വിഭാഗം കളവ് പറഞ്ഞിട്ടുണ്ടെങ്കിൽ തന്നെ, മറുവിഭാഗം അവരുടെ അടുത്ത അവസരത്തിൽ അത് ചൂണ്ടിക്കാണിക്കുകയാണ് സംവാദത്തിലെ രീതി. മരുന്ന് കച്ചവടക്കാരനുമായി കൊണ്ടോട്ടിയിൽ വെച്ച് സംവാദം നടത്തി കുടുങ്ങിയ സലാം സുല്ലമിക്കും മറ്റും ഇത് അറിയാമായിരിക്കുമല്ലോ!.

**മുജാഹിദ് മധ്യസ്ഥന്റെ പ്രഖ്യാപനം**

സംവാദം നിർത്തി വെച്ച കാര്യം മുജാഹിദ് മധ്യസ്ഥൻ അറിയിച്ചതിന്റെ പൂർണ രൂപം ഇങ്ങിനെയാണ്. മുജാഹിദ് മധ്യസ്ഥൻ: ''ബഹുമാന്യരെ, ഇവിടെ പ്രതിപാദിച്ച വിഷയത്തിൽ ആറ് ചോദ്യങ്ങൾ ചോദിക്കാനും അതിന് മറുപടി പറയാനുമാണ് അവസരം എന്ന് മധ്യസ്ഥന്മാർ മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആറ് ചോദ്യങ്ങൾ ചോദിക്കുകയും അതിന് മറുവിഭാഗം മറുപടി പറഞ്ഞ് കഴിയുകയും ചെയ്തതിനാൽ അടുത്ത സെഷനിലേക്ക് കടക്കലാണ് മര്യാദ എന്ന് മറുപക്ഷം (മുജാഹിദ്) പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അത് സുന്നി പക്ഷം സ്വീകരിക്കാൻ തയ്യാറല്ല എന്നും ആദ്യം പറഞ്ഞതിന്റെ തുടർച്ചയാണ് നടക്കേണ്ടത് എന്ന് അവർ പറഞ്ഞു, അതല്ല വേണ്ടത് കരാർ പ്രകാരം പരിപാടി മുന്നോട്ട് പോകുകയാണ് വേണ്ടത് എന്ന് മുജാഹിദ് പക്ഷം പറയുകയും ചെയ്തിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഇത് തുടർന്ന് പോകുവാൻ രണ്ട് കൂട്ടരും, ആ കരാറിൽ നിന്നും വിത്യസ്ഥമായി പോകുവാൻ, ആ കരാർ പ്രകാരം പോകണമെന്നുള്ള ഒരു നിർബന്ധത മധ്യസ്ഥന്മാർക്കുള്ളത് കൊണ്ട് ഞങ്ങൾ ഈ പരിപാടി നിർത്തി വെക്കുന്നു.''

**സുല്ലമിയുടെ നുണ നമ്പർ 2**

കരാറടിസ്ഥാനത്തിൽ ഉച്ചക്ക് ശേഷമുള്ള സെഷനിൽ ഹദീസിനെക്കുറിച്ച് ചർച്ച ചെയ്യാമെന്നാണ് മുജാഹിദ് പക്ഷം അംഗീകരിച്ചത് എന്നും, ഇതിന് വിരുദ്ധമായി ഹദീസിനെക്കുറിച്ച് ചർച്ച ചെയ്യാൻ മാത്രമായി ഒരു പ്രത്യേക സെഷൻ ഖുറാഫി മധ്യസ്ഥൻ പ്രഖ്യാപിച്ചതാണെന്നും നാം മുകളിൽ വിശദീകരിച്ചു. മുജാഹിദ് മധ്യസ്ഥനും മുജാഹിദ് പണ്ഡിതന്മാരും ഖുറാഫി മധ്യസ്ഥന്റെ വഞ്ചനാപരമായ ഈ പ്രഖ്യാപനത്തെ ചോദ്യം ചെയ്യുന്നതും മുകളിൽ നാം കാണുകയുണ്ടായി.

''എല്ലാ ധാരണയും മാറ്റി വെച്ച് കൊണ്ട് ആദർശപരമായ ലക്ഷ്യത്തിന് വേണ്ടി ചർച്ചക്ക് തയ്യാറാവണമെന്ന് ഇവിടെയുള്ള മധ്യസ്ഥനായ <u>മുഹമ്മദ് രാമന്തളി എന്ന മധ്യസ്ഥൻ ആവശ്യപ്പെട്ടപ്പോൾ''</u> എന്ന് ഖുറാഫി മധ്യസ്ഥൻ പറഞ്ഞതിൽ നിന്നും, ''ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുന്നത് ഹദീസ് വായിച്ച് തീർച്ചപ്പെടുത്തിയ ശേഷമായിരിക്കുമെന്ന'' ഖുറാഫി മധ്യസ്ഥന്റെ പ്രഖ്യാപനം, രണ്ട് <u>മധ്യസ്ഥന്മാരും</u> കൂടി എടുത്ത തീരുമാനമല്ലെന്ന് മനസ്സിലാക്കാം. ചുരുക്കത്തിൽ, ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുന്നത് ഹദീസിന്റെ ന്യൂനതകൾ വായിച്ച ശേഷമായിരിക്കുമെന്ന് രണ്ട് <u>മധ്യസ്ഥന്മാരും</u> കൂടി പ്രഖ്യാപിച്ചു എന്ന് സലാം സുല്ലമി ശബാബിലെഴുതിയത് പെരും നുണയാണെന്ന് വ്യക്തമാകുന്നു.(<u>നുണ നമ്പർ 2</u>)

**നുണ.3: ഹദീസ് വായിക്കാൻ വിസമ്മതിച്ചു**

മുജാഹിദ് പണ്ഡിതർ ഖുറാഫി പണ്ഡിതരോട് സംവാദം തുടങ്ങാനും അൽബാനിയിലെ ഹദീസ് വായിക്കാനും ഉച്ചക്ക് ശേഷം ആവർത്തിച്ച് ആവശ്യപ്പെടുന്നത് നാം മുകളിൽ കണ്ടു. മുജാഹിദ് പണ്ഡിതർ പറഞ്ഞ ചില വാചകങ്ങൾ വീണ്ടും ശ്രദ്ധിക്കുക.

1. ''നിങ്ങൾ വായിച്ചോ, നിങ്ങളുടെ സമയത്ത് മുഴുവൻ ആ (അൽബാനിയിയുടെ) കിതാബും കൊണ്ടിരുന്നോ''
2. ''(അൽബാനിയിലെ ഹദീസിനെക്കുറിച്ച്) സംവാദം തുടങ്ങിയിട്ട് പറഞ്ഞോ, നിങ്ങൾ ഇവിടുന്നല്ല (ഇരുന്ന് കൊണ്ടല്ല) പറയേണ്ടത്, സംവാദം തുടങ്ങിയിട്ട് പറഞ്ഞോ, എന്താണ് മുടക്കണമെന്ന് ആഗ്രഹം''
3. ''അത് (അൽബാനിയിലെ ഹദീസിനെക്കുറിച്ച്) നിങ്ങൾ ഞങ്ങളോട് പറയണ്ട, വാദപ്രതിവാദത്തിന് മൈക്ക് കെട്ടിവെച്ചിട്ടുണ്ട്, <u>നിങ്ങൾക്ക് ജനങ്ങളോട് പറയാം, റെക്കോർഡ് ചെയ്യും, അതിനെന്താ പ്രയാസം.</u>''

എന്നാൽ ഇതിന് ഖുറാഫി പണ്ഡിതൻ മറുപടി കൊടുത്തത് ഇങ്ങനെയാണ്: അബ്ദുറഷീദ് സഖാഫി: ''അത് വേറെ സെഷനാണ് മൗലവി, എന്താ നിങ്ങൾ ഈ പറയുന്നത്.'' (വായിക്കാനും സംവാദം തുടരാനും താൽപര്യമില്ല എന്നർഥം)

ഖുറാഫി പക്ഷമാണ് സംവാദം തുടരാനും അൽബാനിയിലെ ഹദീസ് വായിക്കാനും തയ്യാറാവാതെ ഒളിച്ചോടിയത് എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാണ്. ചുരുക്കത്തിൽ, ''ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ മുജാഹിദുകൾ ഹദീസ് <u>വായിക്കാൻ വിസമ്മതം കാണിച്ചു</u>'' എന്ന് സലാം സുല്ലമി ശബാബിലെഴുതിയത് പെരും നുണയാണെന്ന് വ്യക്തമാകുന്നു.(<u>നുണ നമ്പർ 3</u>)

**നുണ 4: മുജാഹിദുകൾ സംവാദത്തിൽ നിന്നും ഒളിച്ചോടി**

സംവാദം നിർത്തിവെക്കാൻ സാധ്യതയില്ല എന്ന ഘട്ടത്തിൽ ഖുറാഫി പണ്ഡിതനായ നൗശാദ് അഹ്സനിയുടെ മുഖത്തുണ്ടായിരുന്ന ടെൻഷനും, സംവാദം നിർത്തി വെക്കാൻ

തീരുമാനിച്ചപ്പോൾ അയാളുടെ ആഹ്ളാദവും മാത്രം കണ്ടാൽ, ആരാണ് സംവാദത്തിൽ നിന്നും ഒളിച്ചോടിയത് എന്ന് വ്യക്തമാകും. മാത്രമല്ല, സംവാദം കലക്കാൻ വേണ്ടി ഖുറാഫി പക്ഷം നടത്തിയ വഞ്ചനകളും നാം മുകളിൽ വിശദീകരിച്ചു. മുജാഹിദ് പണ്ഡിതരും മധ്യസ്ഥനും കൂളായി ഇരിക്കുമ്പോൾ, ഖുറാഫിപണ്ഡിതർ എണീറ്റ് നിന്ന് ബഹളം വെക്കുന്നതും, സംവാദം കലക്കാൻ വേണ്ടി ഖുറാഫി മധ്യസ്ഥൻ അത്യധ്വാനം ചെയ്യുന്നതും നമുക്ക് കാണാം.

മരിച്ചവർ പ്രാർഥനക്ക് ഉത്തരം ചെയ്യും എന്ന് സ്ഥാപിക്കാൻ വേണ്ടി ഖുറാഫികൾ ഉദ്ധരിച്ച ഹദീസിലെ ആശയം മുഴുവൻ മുസ്‌ലീങ്ങൾക്കും ബാധകമായതല്ല എന്നും, ഹദീസ് സ്വഹീഹാണെങ്കിൽ തന്നെ, ഇത് ഈസാ നബി(അ)യുടെ മുഅ്ജിസത്തുമായി മാത്രം ബന്ധപ്പെട്ടതാണെന്ന് ഉച്ചക്ക് ശേഷം മുജാഹിദ് പക്ഷം തെളിയിക്കും എന്ന് മനസ്സിലാക്കിയ ഖുറാഫി പക്ഷത്തിന്, സംവാദത്തിൽ നിന്നും ഒളിച്ചോടുകയല്ലാതെ വേറെ മാർക്ഷമില്ലായിരുന്നു എന്നതാണ് വാസ്തവം.

മാത്രമല്ല, മിഅ്റാജിന്റെ രാത്രിയിൽ വഫാത്തായ നബിമാർ നബി(സ്വ)യുടെ പിന്നിൽ നമസ്കരിച്ചു എന്നത് നബി(സ്വ)യുടെ മുഅ്ജിസത്തായി മാത്രമാണ് മുസ്‌ലീം ലോകം കണക്കാക്കുന്നത്. എന്നാൽ ജീവിച്ചിരിപ്പുള്ള മനുഷ്യരുടെ പിന്നിൽ എല്ലാ കാലത്തും വഫാത്തായ അമ്പിയാ ഔലിയാക്കൾ നമസ്കരിക്കുമെന്നാണ് ഇതിന്റെ അർഥമെന്നും, മരിച്ചവർ തുടർന്ന് നമസ്കരിക്കുക എന്നത് മനുഷ്യാതീത കഴിവാണെന്നും, അത് കൊണ്ട് കെ എൻ എം മദ്രസ്സാ പാഠ പുപുസ്തകത്തിലെ 'മനുഷ്യാതീത കാര്യങ്ങളിൽ സഹായം ചോദിക്കലാണ് പ്രാർഥന' എന്നത് തെറ്റാണെന്നും അഹ്സനി വാദിക്കുമോ എന്നും മുജാഹിദ് പക്ഷം ചോദിക്കും.

ഇതിൽ നിന്നെല്ലാം രക്ഷപ്പെടാൻ വേണ്ടിയാണ്, മുജാഹിദുകൾ രാവിലെ വായിച്ചതിൽ അബദ്ധമുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയും, അതേ സമയം അത് വിശദീകരിക്കാൻ തയ്യാറാവാതെ ഖുറാഫി പക്ഷം ഒളിച്ചോടുകയും ചെയ്തത്. ഇതെല്ലാം മറച്ച് വെച്ച് കൊണ്ടാണ് സലാം സുല്ലമി മുജാഹിദുകൾ സംവാദത്തിൽ നിന്നും <u>ഒളിച്ചോടി</u> എന്ന കളവ് പ്രചരിപ്പിക്കുന്നത് (<u>നുണ നമ്പർ 4</u>).

**മടവൂരികൾ മുജാഹിദുകൾ തന്നെയോ?**

ആലുവ സംവാദവുമായി ബന്ധപ്പെട്ട് സലാം സുല്ലമി ശബാബിൽ (2009 ജനുവരി 30, പേജ് 19) എഴുതിയ നാല് കളവുകളാണ് ഇവിടെ വിശദീകരിച്ചത്. ഒരു പാരഗ്രാഫിൽ ഒരേ സമയം നാല് പെരും നുണകൾ എഴുതാൻ, പരലോക വിശ്വാസമില്ലാത്ത ഒരാൾക്ക് പോലും കഴിയുമോ എന്ന് സംശയമാണ്.

മുജാഹിദ് വിഭാഗം പുറത്തിറക്കിയ ആലുവാ സംവാദത്തിന്റെ സമ്പൂർണ്ണ സി ഡി കാണാൻ പോലും തയ്യാറാവാതെ, കാന്തപുരം വിഭാഗം പണ്ഡിതർ അവരുടെ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്ന എല്ലാത്തരം കളവുകളും അതേപടി ശബാബിൽ പകർത്തി എഴുതി, കാന്തപുരം ഖുറാഫികൾക്ക് ശിർക്ക് പ്രചരിപ്പിക്കാൻ സഹായവും ആവേശവും നൽകുന്നത് സലാം സുല്ലമിയെപ്പോലുള്ള വലിയ ഹദീസ് പണ്ഡിതനും, മുജാഹിദ് വാരികയായി അറിയപ്പെടുന്ന ശബാബിനും ചേർന്നതാണോ?

മുജാഹിദ് പണ്ഡിതരായി സ്വയം പരിചയപ്പെടുത്തുകയും ശിർക്ക് പ്രചരിപ്പിക്കാൻ കാന്തപുരം വിഭാഗത്തിന് സഹായവും പ്രോൽസാഹനവും നൽകുകയും ചെയ്യുന്നവരുടെ കെടുതികളിൽ നിന്ന് മുജാഹിദ് പ്രസ്ഥാനത്തെ അല്ലാഹു കാത്ത് രക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. (ആമീൻ)